5. നിലവിലുള്ള "ഡ്രഗ് ഫോർമുലറി" പരിഷ്ക്കരിക്കുക.

6. മരുന്ന് പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഫോർമുലറി ഉണ്ടാക്കുക.

7. ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെയും സാധനങ്ങളുടെയും സ്റ്റോക്ക് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുക (ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം).

8. ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമൂഹത്തിലുള്ളവർ വിലയിരുത്തുന്ന സംവിധാനം ഏർപ്പെടുത്തുക (സോഷ്യൽ ആഡിറ്റിംഗ്)

9. ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുകയും ഹെൽത്ത് അഡ്മിനിസ്ട്രേഷൻ കേഡർ സൃഷ്ടിക്കുകയും ചെയ്യുക.

10. സ്വയംസഹായ സംഘങ്ങളുടെ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) സഹകരണത്തോടുകൂടി സാമൂഹ്യാരോഗ്യം ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾ നടത്തുക.

11. പൗരാവകാശ രേഖാ സമ്പ്രദായം നടപ്പിലാക്കുക.

12. ശാരീരികവും മാനസികവുമായി വൈകല്യമുള്ളവരെ സമൂഹത്തിൽ പുനരധിവസിപ്പിക്കുക.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് വകുപ്പിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും ഇല്ലാതാക്കാൻ നടപടി

8 (*411) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ട്മെന്റിൽ ജനങ്ങളുമായി ഏറ്റവും കൂടുതൽ ഇടപഴകുന്ന താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്കിടയിലെ അഴിമതിയും പക്ഷപാതപരമായ നടപടികളും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോലീസിന്റെ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരുടെ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) താഴെക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതിയും കൈക്കൂലിയും തടയാൻ ഈ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജനങ്ങളുമായിട്ട് നേരിട്ട് സമ്പർക്കം പുലർത്തുന്ന പോലീസ് കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ തുടങ്ങിയവരെ ഒരു സ്ഥലത്ത് രണ്ടര വർഷം തികയുന്ന മുറയ്ക്ക് നിർബന്ധമായും സ്ഥലം മാറ്റി പുതിയ സ്ഥലങ്ങളിലേയ്ക്ക് നിയമിക്കുന്നുണ്ട്. സ്വന്തം സ്ഥലത്തും ഭാര്യയുടെ സ്ഥലത്തും മറ്റു സ്ഥാപിത താല്പര്യമുള്ള സ്ഥലത്തും പോസ്റ്റ് ചെയ്യാതിരിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ; (എക്സിക്യൂട്ടീവ് ഡയറക്ടറിന് 2/02 തീയതി 30-3-2002 ആയി ഉത്തരവിറക്കിയിട്ടുണ്ട്.)

പോലീസ് ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കൈക്കൂലിക്കെതിരെ പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആഫീസുകളിലും ബോർഡുകൾ പ്രദർശിപ്പിച്ച് പൊതു ജനങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കി വരുന്നു. പരാതി ഉണ്ടാക്കാൻ പരാതി വിളിച്ചറിയിക്കുന്നതിന് വിജിലൻസ് ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പർ സഹിതമാണ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളത്.

പോലീസ് ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പോലീസ് സൂപ്രണ്ട് എന്നിവർ സമയാസമയങ്ങളിൽ പോലീസ് സ്റ്റേഷൻ പരിശോധന നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിശോധന സമയം സഭകൾ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന പ്രധാന സ്ഥലങ്ങളിൽ ജനസമ്പർക്കപരിപാടികൾ നടത്തിവരുന്നു.

അഴിമതിയും, കൈക്കൂലിയും കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെക്കിടയിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾ അതീവ ശ്രദ്ധയോടെ നടപ്പാക്കി വരുന്നുണ്ട്.

അഴിമതിയും കൈക്കൂലിയും ആരോപിച്ചുകൊണ്ടുള്ള പരാതികൾ ലഭിച്ചാൽ അവയിൽ വകുപ്പുതല അന്വേഷണങ്ങളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേനയുള്ള അന്വേഷണവും നടത്തി തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

സർക്കാർ ഉത്തരവ് (പി) 3497/വിജിലൻസ് തീയതി 11-6-1997 അനുസരിച്ച് വകുപ്പ് തലത്തിലുള്ള അഴിമതി ആരോപണങ്ങൾ വേണ്ടത്ര സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ വകുപ്പിലുമുള്ള ഉയർന്ന ഒരു ഉദ്യോഗസ്ഥനെ ആ വകുപ്പിലെ വിജിലൻസ് ആഫീസറായും വിജിലൻസ് ചുമതലക്കാരനായും നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. പോലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഐ.ജി. പി. (എച്ച്.ക്യൂ) വരെ വിജിലൻസ് ആഫീസറായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.-യുമായി ചേർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശീലനം നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം സർക്കാർ ഉദ്യോഗസ്ഥരുടെയും അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താറുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണങ്ങളും മറ്റു നടപടികളും നടത്തിവരുന്നുണ്ട്.

അഗതികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും പദ്ധതികൾ

9 (*412) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ അശരണരും നിരാലംബരുമായ അഗതികളുടെ സരക്ഷണത്തിനും പുനരധിവാസത്തിനും എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കാമെന്നും, ഏത് ഏജൻസിയുടെ കീഴിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഇതിനുവേണ്ടി എന്തു തുക വേണ്ടിവരുമെന്നും, ഏതു സ്കീമിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി കുടുംബശ്രീയിലൂടെ 'ആശ്രയ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻ അഥവാ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 101 ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി 2002-03-ൽ ആരംഭിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 'ഒന്ന്' ആയി ചേർത്തിരിക്കുന്നു.*

(സി) ഇതിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ അടങ്കൽ തുക 4126.30 ലക്ഷം രൂപയാണ്. കുടുംബശ്രീ നടപ്പിലാക്കുന്ന 'ആശ്രയ' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly